**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 484** **09-07-2024 - ൽ മറുപടിയ്ക്ക്**

**ചില്ലറ വ്യാപാര മേഖലയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചില്ലറ വ്യാപാര മേഖലയുടെ പുരോഗതി ലക്ഷ്യമിട്ട് കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | പരിഗണനയിലുണ്ട്. നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ലക്ഷ്യമാക്കി പുറപ്പെടുവിച്ച വ്യവസായ നയം 2023-ലെ മുൻഗണനാ മേഖലയിൽ ചില്ലറ വ്യാപാര മേഖല ഉൾപ്പെടുത്തിയിട്ടുണ്ട്. ചില്ലറ വ്യാപാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പി.പി.പി മാതൃകയിൽ സംഭരണ ശാലകൾ, ഇ-ടെയിൽ സോണുകൾ തുടങ്ങിയവ സ്ഥാപിക്കുന്നത് വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2018 ൽ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ 2023-ലെ വ്യവസായ നയത്തിനനുസൃതമായി കാര്യക്ഷമമാക്കു ന്നതിനു ലക്ഷ്യമിട്ടുകൊണ്ട് 29.01.2024-ലെ സ.ഉ(കൈ)നം.5/2024/വ്യവ ഉത്തരവ് പ്രകാരം വ്യവസായ വകുപ്പിന് കീഴിൽ ഒരു പ്രത്യേക ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ വാണിജ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് കോമേഴ്സ് മിഷൻ. മാറുന്ന കാലത്തെ ബിസിനസ് അന്തരീക്ഷ ത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത്, വ്യാപാര വാണിജ്യ മേഖലയ്ക്ക് ഊന്നൽ നൽകുക എന്നുള്ളതാണ് കോമേഴ്സ് മിഷന്റെ പ്രധാന ലക്ഷ്യം. വ്യാവസായിക, വാണിജ്യ പരിസ്ഥിതിയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി നയങ്ങൾ ആവിഷ്കരിക്കാനും നടപ്പാക്കാനും അവ നിരീക്ഷിക്കാനും ഇത് വഴി ഉദ്ദേശിക്കുന്നു. ഇത് മൂലം സംസ്ഥാനത്ത് വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ വളരാൻ അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാനും സാധിക്കും. |

| | | | |
|---|---|---|---|
| (ബി) | ഈ മേഖലയിലെ ട്രേഡ് ലൈസൻസ് സംബന്ധിച്ച സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നൽകുന്നതിന് നൂതന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ട്രേഡ് സെക്ടർ - ഉൾപ്പെടെയുള്ള സംരംഭങ്ങളുടെ ലൈസൻസ് സംബന്ധിച്ച സേവനങ്ങൾ SWCB (Single Window Clearance Board)-ന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ ലൈസൻസ് ലഭിക്കുന്നതിനായി തയ്യാറാക്കിയ KSWIFT പോർട്ടൽ വഴി CAF (Common Application Form) സമർപ്പിച്ചും സമയബന്ധിതമായി കരസ്ഥമാക്കാവുന്നതാണ്. ഇത്തരം സംരംഭങ്ങൾ കരസ്ഥമാക്കേണ്ട മറ്റു അനുബന്ധ വകുപ്പുകളുടെ അനുമതികൾക്കുള്ള അപേക്ഷയും K-SWIFT-മുഖേന സമർപ്പിക്കണം. |
| (സി) | കൂടുതൽ സാമ്പത്തികാനുകൂല്യങ്ങൾക്കുള്ള പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (സി) | വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് നിലവിൽ വ്യവസായ വകു താഴെ പറയുന്ന സേവനങ്ങൾ നൽകുന്നുണ്ട്.<br><br>1. എന്റർപ്രേണർഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവിന്റെ സേവനം: സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് വ്യവസായ വാണിജ്യ വകു എല്ലാ തദ്ദേശ സ്ഥാപനങ്ങളില്ലു പ്രൊഫഷണൽ യോഗ്യതയുള്ള എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ട്. ലൈസൻസ്, ലോൺ, സബ്സിഡി തുടങ്ങ ഒരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ഈ എക്സിക്യൂട്ടീവുമാരുടെ സേവന തേടാവുന്നതാണ്.<br><br>2 ഹെല്പ് ഡെസ്ക്: സംസ്ഥാനത്തെ 1034 തദ്ദേശ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കുകൾ നിലവിലുണ്ട്. ഈ ഹെൽപ് ഡെസ്കുകൾ വഴി സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനു മാർഗ്ഗനിർദേശങ്ങൾക്കും എന്റർപ്രെണർഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് മാരുടെ സേവനം പ്രയോജനപ്പെടുത്താം.<br><br>3. എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്റർ: താലൂക്ക് വ്യവസായ ഓഫീസുകളെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക ആവശ്യമായ സഹായങ്ങളും ഉപദേശവു നല്കാൻ സജ്ജമായ എം.എസ്.എം. ഇ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ |

| | | | |
|---|---|---|---|
| | | | യോഗ്യതയുള്ള റിസോഴ്സ് പേഴ്സന്മാരെ തെരഞ്ഞെടുത്ത് മതിയായ പരിശീലനം നല്കി നിയമിച്ചിട്ടുണ്ട്.<br><br>4. OFOE പദ്ധതി: ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിളവ് ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതിയാണ് ഇത്. ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കു 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (Term loan and/or Working Capital loan) അഞ്ച് വർഷത്തേക്ക് 6% പലിശ ഇളവിന് അർഹതയുണ്ട് 1/4/2022-നോ അതിനുശേഷമോ പ്രവർത്തനം ആരംഭിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ഈ പദ്ധതി ഉപയോഗപ്പെടുത്താം.<br><br>5. MSME ഇൻഷുറൻസ് പദ്ധതി: ഉത്പാദന സേവന-വ്യാപാര- മേഖലകളിൽപ്പെട്ട സൂക്ഷ്മചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതി 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷുർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 2500 രൂപ) സബ്സിഡി നൽകുന്നു. ഇതുവരെ ഇൻഷർ ചെയ്തിട്ടില്ലാത്ത സംരംഭങ്ങൾക്ക് മത്സരാധിഷ്ഠിത നിരക്കിൽ പൊതുമേഖല ഇൻഷുറൻസ് കമ്പനികളിൽ നിന്നും ഇൻഷുർ ചെയ്യാനുള്ള ഓൺലൈൻ സംവിധാനവു രൂപീകരിച്ചിട്ടുണ്ട്.<br><br>6. സംസ്ഥാന അവാർഡുകൾ: MSME കളുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലു മികച്ച പ്രവർത്തനം കാഴ്ച വച്ച സംരംഭങ്ങൾ സംരംഭകർക്ക് അവാർഡുകൾ നൽകുന്നു ജില്ലയിലും സംസ്ഥാനത്തും സൂക്ഷ്മ, ചെറുകിട ഇടത്തരം, വൻകിട വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കാണ് അവാർഡ്. |
| (ഡി) | വ്യാപാര രംഗത്ത് ചെലവ് കുറയ്ക്കുന്നതിനും ലാഭവിഹിതം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് മാറിവരുന്ന സാഹചര്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ; വിശദമാക്കുമോ? | (ഡി) | സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി |

| | | | |
|---|---|---|---|
| | | | നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി കൊണ്ടിരിക്കുന്നു.<br><br>സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും, പുതിയ സംരംഭക ആശയം പകർന്നു നല്കുന്നതിനുമായി നൈപുണ്യ വികസന പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടത്തുന്ന GOT (General Orientation Training), വകുപ്പ് നേരിട്ട് നടത്തുന്ന സംരംഭക ബോധവൽക്കരണ പ്രോഗ്രാം (EAP), സംരംഭകത്വ വികസന പരിശീലനം (EDP), നിക്ഷേപക സംഗമം, ടെക്നോളജി ക്ലിനിക് (TC), ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (TMDP), മഷീനറി എക്സിബിഷൻ എന്നിവയിലൂടെയെല്ലാം സംരംഭകർക്ക് പ്രോത്സാഹനവും മാറിവരുന്ന സാഹചര്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും വേണ്ട സാഹചര്യം ഒരുക്കുന്നു. |

സെക്ഷൻ ഓഫീസർ